**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണവകുപ്പ്-പയ്യോളി നഗരസഭയിലെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സേവനം അനുഷ്ഠിച്ചുവരുന്ന കുമാരി.ലക്ഷ്മി.കെ.ടി ബഹു.ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത ഡബ്ല്യുപി(സി) നം.14061/18 നമ്പറിലുള്ള 15/01/2019 തീയതിയിലെ വിധിന്യായത്തിനെതിരെ കുമാരി ലക്ഷ്മി.കെ.ടി സമർപ്പിച്ച റിട്ട് അപ്പീൽ നം.357/2019 നമ്പറിലുള്ള 20/03/2019 തീയതിയിലെ വിധിന്യായം നടപ്പിലാക്കി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

============================================================

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ)നം. 1946/2021/തസ്വഭവ        തീയതി, തിരുവനന്തപുരം 07/10/2021

പരാമർശം:
1) 22/04/1982 ലെ സ.ഉ.(എം.എസ്) നം.14/82/എൽ.ബി.ആർ നമ്പർ ഉത്തരവ്
2) 29/03/2001 ലെ സ.ഉ.(എം.എസ്) നം.91/2001/തസ്വഭവ നമ്പർ ഉത്തരവ്
3) 25/11/2005 ലെ സ.ഉ.(പി) നം.501/2005/ധന(എക്സിബിറ്റ് -പി10) നമ്പർ ഉത്തരവ്
4) 09/02/2010 ലെ സ.ഉ.(പി) നം.61/2010/ധന നമ്പർ ഉത്തരവ്
5) ധനകാര്യവകുപ്പിന്റെ 02/03/2010 തീയതിയിലെ 23/2010/ധന നമ്പർ സർക്കുലർ
6) ധനകാര്യവകുപ്പിന്റെ 05/03/2016 തീയതിയിലെ 19/2016/ധന നമ്പർ സർക്കുലർ
7) ബഹു.ഹൈക്കോടതി മുമ്പാകെ കുമാരി.ലക്ഷ്മി.കെ.ടി ഫയൽ ചെയ്ത ഡബ്ല്യുപി(സി) നം.14061/18 നമ്പറിലുള്ള ബഹു.ഹൈക്കോടതിയുടെ 15/01/2019 തീയതിയിലെ വിധിന്യായം
8) ബഹു.ഹൈക്കോടതി മുമ്പാകെ കുമാരി.ലക്ഷ്മി.കെ.ടി ഫയൽ ചെയ്ത ഡബ്ല്യുപി(സി) നം.14061/18 നമ്പറിലുള്ള ബഹു.ഹൈക്കോടതിയുടെ 15/01/2019 തീയതിയിലെ വിധിന്യായത്തിനെതിരെ കുമാരി ലക്ഷ്മി.കെ.ടി സമർപ്പിച്ച റിട്ട് അപ്പീൽ നം.357/2019 നമ്പറിലുള്ള 20/03/2019 തീയതിയിലെ വിധിന്യായം
9) നഗരകാര്യ ഡയറക്ടറുടെ 29/05/2019 തീയതിയിലെ ഇ 2-19433/17 നമ്പർ കത്ത്.
10) നഗരസഭാകൗൺസിലിന്റെ 29/06/2019 തീയതിയിലെ 08/19-20 നമ്പർ തീരുമാനം.
11) 10/07/2019 തീയതിയിലെ പയ്യോളി നഗരസഭാ സെക്രട്ടറിയുടെ ജി1-5132/19 -ാം നമ്പർ കത്ത്

12) നഗരകാര്യ ഡയറക്ടറുടെ 21/07/2020 തീയതിയിലെ ഇ 2-19433/2017 നമ്പർ കത്ത്.

## ഉത്തരവ്

പയ്യോളി നഗരസഭയിലെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സേവനം അനുഷ്ഠിച്ചുവരുന്ന കുമാരി.ലക്ഷ്മി.കെ.ടി തനിക്ക് സ്ഥിരനിയമനം നൽകണമെന്ന ആവശ്യവുമായി സർക്കാർ, നഗരകാര്യ ഡയറക്ടർ, പയ്യോളി നഗരസഭ, പയ്യോളി നഗരസഭാ സെക്രട്ടറി എന്നിവരെ യഥാക്രമം 1, 2, 3, 4 എതിർകക്ഷികളാക്കി ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത ഡബ്ല്യുപി(സി) നം.14061/18 മേലുള്ള പരാമർശം(6) പ്രകാരമുള്ള വിധിന്യായത്തിൽ, വിധിന്യായം ലഭിച്ച് രണ്ട് ആഴ്ചക്കുള്ളിൽ പരാതിക്കാരിയോട് നഗരസഭ മുമ്പാകെ നിവേദനം സമർപ്പിക്കുന്നതിനും, നഗരസഭ പരാതിക്കാരിയെ പാർട്ട്-ടൈം സ്വീപ്പർ തസ്തികയിൽ റഗുലറൈസ് ചെയ്യുന്ന വിഷയത്തിൽ തീരുമാനം എടുത്ത് പരാമർശം(3) പ്രകാരമുള്ള ബന്ധപ്പെട്ട രേഖകൾ സഹിതം ഉചിത മാർഗ്ഗേന സർക്കാരിൽ സമർപ്പിക്കണമെന്നും, സർക്കാർ പ്രസ്തുത വിഷയത്തിൽ മൂന്നു മാസത്തിനുള്ളിൽ തീരുമാനം എടുക്കണമെന്നും നിർദ്ദേശിച്ചിരുന്നു. നഗരകാര്യഡയറക്ടർ പരാമർശം (8) പ്രകാരം പയ്യോളി നഗരസഭയിലെ പാർട്ട് ടൈം സ്വീപ്പർ കുമാരി.ലക്ഷ്മി.കെ.ടിയെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ക്രമവൽകരണത്തിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

2. കാഷ്വൽ സ്വീപ്പർമാരുടെ റഗുലറൈസേഷനും സ്വീപ്പിംഗ് ഏരിയ കണക്കാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും സംബന്ധിച്ചുള്ളതാണ് പരാമർശം(3) പ്രകാരമുള്ള എക്സിബിറ്റ്-പി10. പരാമർശം(3) പ്രകാരം ടി ഉത്തരവിനുശേഷം ആരംഭിക്കുന്ന ഓഫീസുകളിൽ 100 ച.മീ ൽ കൂടുതൽ സ്വീപ്പിംഗ് ഏര്യ ഉണ്ടെങ്കിൽ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. . പരാമർശം(3)(4) സർക്കാർ ഉത്തരവുകൾ പ്രകാരം സർക്കാർ ഓഫീസുകളിൽ 11/2005 ന് മുൻപ് നിയമിക്കപ്പെട്ടതും ഇപ്പോഴും തുടർന്നു വരുന്നതുമായ താൽക്കാലിക സ്വീപ്പർമാരെ സ്വീപ്പിംഗ് ഏര്യയുടെ അടിസ്ഥാനത്തിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പരാമർശം (5) പ്രകാരം താൽക്കാലിക സ്വീപ്പർമാരെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ക്രമവൽക്കരിക്കുന്നതിനുള്ള അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി 30/06/2010 വരെ ദീർഘിപ്പിച്ചു നൽകിയിരുന്നു. പരാമർശം (5) പ്രകാരം പാർട്ട്-ടൈം സ്വീപ്പർമാരുടെ റഗുലറൈസേഷനും ക്രവൽക്കരിക്കുന്നതിനുള്ള സമയപരിധി 30/06/2010 വരെ ആയിരുന്നുവെങ്കിലും സമയപരിധി കഴിഞ്ഞു 5 വർഷത്തിൽ കൂടുതൽ കാലയളവിൽ ടി പ്രൊപ്പോസലുകൾ പരിഗണിച്ചു കഴിഞ്ഞ സാഹചര്യത്തിൽ ഇനിയും ഇക്കാര്യത്തിൽ സമയപരിധി ദീർഘിപ്പിച്ചു നൽകുന്ന കാര്യം പരിഗണിക്കുന്നതല്ല എന്നും താൽക്കാലിക സ്വീപ്പർമാരുടെ ക്രമവൽക്കരണത്തിനുള്ള പുതിയ പ്രൊപ്പോസലുകൾ 05/03/2016 ലെ സർക്കുലർ തീയതിക്കു ശേഷം ഒരു കാരണവശാലും പരിഗണിക്കുന്നതല്ല എന്നും എല്ലാ വകുപ്പ് തലവൻമാരും ഈ ഉത്തരവ് കർശനമായി പാലിക്കേണ്ടതാണെന്നും പരാമർശം(6) പ്രകാരം നിർദ്ദേശിച്ചിരുന്നു.

3. ഡബ്ല്യുപി(സി) നം.14061/18 മേല്പള്ള ബഹു.ഹൈക്കോടതിയുടെ പരാമർശം (7) പ്രകാരമുള്ള വിധിന്യായത്തിനെതിരെ കുമാരി ലക്ഷ്മി.കെ.ടി ബഹു.ഹൈക്കോടതി മുമ്പാകെ സമർപ്പിച്ച റിട്ട് അപ്പീൽ നം.357/2019 മേല്പള്ള പരാമർശം (8) പ്രകാരമുള്ള വിധിന്യായം പ്രകാരം പരാതിക്കാരിയെ കണ്ടിജന്റ് തസ്തികയിലാണോ പാർട്ട്-ടൈം സ്വീപ്പർ തസ്തികയിലാണോ സ്ഥിരപ്പെടുത്തേണ്ടത് എന്ന് ബന്ധപ്പെട്ട അധികാരികൾക്ക് തീരുമാനിക്കാവുന്നതാണ് എന്ന് ബഹു.ഹൈക്കോടതി ഉത്തരവായിരുന്നു.

4. നഗരസഭകളിൽ സ്വീപ്പർ തസ്തിക നിലവിലില്ലാത്തതിനാലും ടി ജോലികൾ സാനിറ്റേഷൻ വർക്കർ/കണ്ടിജന്റ് വർക്കർ തസ്തികയിൽ ഉള്ളവർ ചെയ്യുന്ന സാഹചര്യത്തിലും ടിയാരിയെ കണ്ടിജന്റ് വിഭാഗത്തിൽ നിയമിക്കുന്നതിനു വേണ്ടി സർക്കാരിലേക്ക് ശുപാർശ ചെയ്യുന്നതിന് നഗരസഭാ കൗൺസിൽ പരാമർശം (10) പ്രകാരം തീരുമാനിച്ചിട്ടുണ്ടെന്നു പയ്യോളി നഗരസഭാ സെക്രട്ടറി പരാമർശം (11) പ്രകാരം അറിയിച്ചിരുന്നു.

5. പാർട്ട് ടൈം കണ്ടിജന്റ് സ്വീപ്പർ തസ്തിക സൃഷ്ടിക്കുന്നതിനുള്ള കുമാരി.ലക്ഷ്മി.കെ.ടി യുടെ 17/10/2019 തീയതിയായുള്ള അപേക്ഷ നഗരകാര്യ ഡയറക്ടർ പരാമർശം (12) പ്രകാരമുള്ള കത്ത് മുഖേന സർക്കാരിൽ ലഭ്യമാക്കിയിരുന്നു.

6. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സംസ്ഥാനത്തെ നഗരസഭകളിലെ കണ്ടിജന്റ് തസ്തികകളിലെ നിയമനങ്ങൾ സൂചന (1). (2) ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ച് ആണ് നടത്തേണ്ടത്. ആയത് അനുസരിച്ച് പ്രാദേശിക എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി നിയമിതരായവർക്കുമാത്രമേ കണ്ടിജന്റ് ജീവനക്കാർക്കുള്ള ബദൽ ലിസ്റ്റിൽ സീനിയോറിറ്റി അനുസരിച്ച് നിയമിക്കപ്പെടുന്നതിനും അതുവഴി സ്ഥിരം തസ്തികകളിലെ ഒഴിവുകളിൽ സ്ഥിരപ്പെടുത്തുന്നതിനും അർഹതയുള്ളൂ. സംസ്ഥാനത്തെ നഗരസഭകളിൽ 31/12/2000 വരെ ദിവസക്കൂലിയടിസ്ഥാനത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേനയല്ലാതെ നിയമിക്കപ്പെട്ട കണ്ടിജന്റ് വിഭാഗം തൊഴിലാളികളെ സ്ഥിരം തൊഴിലാളികളായി പരിഗണിക്കുന്നതിന് യോഗ്യരാക്കി സൂചന (2) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിലെ നിർദ്ദേശം ഇപ്രകാരമാണ്. "31/12/2000 വരെ 22/04/1982 ലെ സ.ഉ(എം.എസ്) നം.14/82/എൽ.ബി.ആർ ഉത്തരവിലെ മാനദണ്ഡങ്ങൾ ലംഘിച്ച് ദിവസക്കൂലിയടിസ്ഥാനത്തിൽ വിവിധ നഗരസഭകൾ നിയമിച്ച തൊഴിലാളികളെ. അവരെ സ്ഥിരനിയമനത്തിന് സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ ഒഴിവിന്റെ ലഭ്യതയ്ക്ക് വിധേയമായി അർഹരാക്കി പകരം തൊഴിലാളികളായി പരിഗണിച്ച് ഉത്തരവാകുന്നു. ഏതെങ്കിലും നഗരസഭയിൽ 22/04/1982 ലെ ഉത്തരവിലെ വ്യവസ്ഥകൾക്കനുസൃതമായി നിയമിക്കപ്പെട്ട തൊഴിലാളികളും മാനദണ്ഡങ്ങൾക്ക് വിധേയമല്ലാതെ ദിവസക്കൂലിയടിസ്ഥാനത്തിൽ 31/12/2000 വരെ നിയമിക്കപ്പെട്ട തൊഴിലാളികളും ഉള്ളപക്ഷം, സ്ഥിരനിയമനത്തിനുള്ള സീനിയോറിറ്റി ലിസ്റ്റ് പ്രത്യേകം പ്രത്യേകം തയ്യാറാക്കുകയും മാനദണ്ഡങ്ങൾക്കനുസൃതമായ ലിസ്റ്റിൽ ഉള്ളവർക്ക് മുൻഗണന നൽകി അവരുടെ ഊഴം കഴിഞ്ഞശേഷം മാത്രം രണ്ടാമത്തെ ലിസ്റ്റിൽ ഉള്ളവരുടെ സ്ഥിരം നിയമനകാര്യം പരിഗണിക്കേണ്ടതാണെന്നും ഉത്തരവാകുന്നു. കൂടാതെ പി.എസ്.സി നിയമനത്തിന്റെ പരിധിയിൽപ്പെടാത്ത എല്ലാ ഒഴിവുകളിലേക്കുമുള്ള നിയമനങ്ങൾക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ സേവനം

നിർബന്ധമായി പ്രയോജനപ്പെടുത്തണമെന്നും, അല്ലാത്തപക്ഷം വകുപ്പ തലവൻമാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണെന്നും 05/02/2014 ലെ 25941/ജി2/2013/എൽബിആർ നമ്പർ സർക്കുലറിൽ കർശന നിർദ്ദേശമുണ്ട്. കുമാരി ലക്ഷ്മി.കെ.ടി പയ്യോളി നഗരസഭയിൽ പാർട്ട് ടൈം തസ്തികയിൽ സേവനമനുഷ്ഠിക്കുന്നത് ദിവസവേതനാടിസ്ഥാനത്തിലാണ് എന്നതിനാലും, ടിയാരിയുടെ നിയമനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയല്ല നടന്നിരിക്കുന്നത് എന്നതിനാലും, 05/03/2016 ലെ സർക്കുലർ നം.19/2016/ധന പ്രകാരം സ്ഥിരപ്പെടുത്തുന്നതിനുള്ള അപേക്ഷ സർക്കാരിൽ 05/03/2016 ന് മുൻപ് ലഭ്യമായിട്ടില്ലാത്തതിനാലും, ടിയാരിയെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ക്രമവൽക്കരിക്കണമെന്നുള്ള ശിപാർശ പരിഗണിക്കുവാൻ നിർവ്വാഹമില്ലാത്തിനാൽ കുമാരി ലക്ഷ്മി.കെ.ടിയുടെ അപേക്ഷ നിരസിച്ച് ഉത്തരവാകുന്നു.

7. പരാമർശം (8) പ്രകാരമുള്ള ബഹു.ഹൈക്കോടതിയുടെ വിധിന്യായം മേൽപറഞ്ഞ പ്രകാരം നടപ്പിലാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

രമണി മാത്യു

അഡീഷണൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, പയ്യോളി മുനിസിപ്പാലിറ്റി, കോഴിക്കോട്-673522.
ലക്ഷ്മി കെ.റ്റി, കാവുംതാഴ, പയ്യോളി പി.ഒ, കോഴിക്കോട്-673522.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ